# 300 നൈട്രോസെൻ ഗുളികകളുമായി യുവാവ് പിടിയിൽ

മാനസിക രോഗികൾക്ക് നൽകി വരുന്ന ഷെഡ്യൂൾ H വിഭാഗത്തിൽപ്പെട്ട 300 നൈട്രോസെൻ ഗുളികകളുമായി യുവാവിനെ ജില്ല ലഹരി വിരുദ്ധ സ്ക്വാഡും, കസബ പോലീസും ചേർന്ന് പാലക്കാട് ചന്ദ്ര നഗറിൽ നിന്നും പിടികൂടി. ഒലവക്കോട്, ആണ്ടിമഠം സ്വദേശി റഫീഖ് എന്ന A.T, വ ഃ 24 ആണ് അറസ്റ്റിലായത്.

സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തെത്തുടർന്ന് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.



ഡോക്ടറുടെ നിര്‍ദ്ദേശം ഇല്ലാതെ വില്‍ക്കാന്‍ പാടില്ലാത്ത ഗുളികയാണ് ലഹരിമരുന്നായി ഉപയോഗിക്കാന്‍ യുവാക്കള്‍ക്കിടയില്‍ വില്‍പ്പന നടത്തി വരുന്നത്. മദ്യത്തിനൊപ്പം സേവിച്ചാല്‍ ദിവസം മുഴുവന് ലഹരിക്ക് അടിമയായികരിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. തമിഴ്നാട്ടിലെ മെഡിക്കല്‍ ഷോപ്പുകളില്‍ നിന്നും മൊത്തത്തില്‍ വാങ്ങിക്കൊണ്ടു വരികയും 400 രൂപക്ക് വാങ്ങിക്കുന്ന 100 ടാബ്ലറ്റ് അടങ്ങിയ ഒരു ബോക്സ് ചില്ലറ വിപണിയില്‍ 5000 രൂപക്കും 4 രൂപ 60 പൈസ വില വരുന്ന ഒരു ഗുളിക 50 രൂപക്കും ആണ് വില്‍ക്കുന്നത്. “ബട്ടണ്‍“ എന്ന കോഡുഭാഷയിലാണ് ഇവ വില്പന നടത്തുന്നത്. അധികവും കോളേജ് വിദ്യാര്‍ത്ഥി വിദ്യാര്‍ത്ഥിനികളാണ് ഉപഭോക്താക്കള്‍. പ്രതിക്കെതിരെ നേരത്തെ പാലക്കാട് ടൗണ്‍ നോര്‍ത്ത് പോലീസ് സ്റ്റേഷനില്‍ ബൈക് മോഷണം, കഞ്ചാവ് വില്‍പ്പന എന്നിവയ്ക്ക് കേസ്സുകള്‍ നിലവിലുണ്ട്.

പാലക്കാട് നര്‍കോടിക് സെല്‍ DySP ബാബു K തോമസ്, പാലക്കാട് DySP സാജു K എബ്രഹാം എന്നിവരുടെ മേല്‍നോട്ടത്തില്‍ കസബ ഇന്‍സ്പെക്ടര്‍ T.N. ഉണ്ണികൃഷ്ണന്‍, SI. വിപിന്‍ K വേണുഗോപാല്‍, SCPo കൃഷ്ണപ്രസാദ് , ഡാന്‍സാഫ് അംഗങ്ങളായ S.I. S. ജലീല്‍, T. R. സുനില്‍ കുമാര്‍, C. V. ബിജു , R. കിഷോര്‍, K. അഹമ്മദ് കബീര്‍, R. വിനീഷ്, H.ഷാജഹാന്‍, R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT